**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4695** **02-07-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ മുഖേനയുള്ള വെള്ളത്തിന്റെ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതി പ്രകാരമുള്ള ഗാർഹിക കണക്ഷനുകൾക്ക് ഏതൊക്കെ ഇനങ്ങളിലാണ് ഉപഭോക്താവ് പണം അടയ്ക്കേണ്ടിവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഗുണഭോക്തൃ വിഹിതം, വാട്ടർ ചാർജ് എന്നീ ഇനങ്ങളിലാണ് ഉപഭോക്താവ് പണം അടക്കേണ്ടി വരുന്നത്.<br><br>ജലജീവൻമിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഉപഭോക്താക്കൾ, ഇൻ വില്ലേജ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ 10% ഗുണഭോക്തൃ വിഹിതമായി നൽകേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത കണക്ഷനുകൾ മുഖേന ഉപയോഗിക്കുന്ന വെള്ളത്തിന്റെ തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് തുകയുടെ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ; | (ബി) | ജലജീവൻമിഷൻ പദ്ധതി കേരള വാട്ടർ അതോറിറ്റി, KRWSA, ഭൂജലവകുപ്പ് എന്നീ നിർവഹണ ഏജൻസികൾ മുഖേനയാണ് കേരളത്തിൽ നടപ്പിലാക്കുന്നത്.<br><br>കേരള വാട്ടർ അതോറിറ്റി നൽകുന്ന എല്ലാ കുടിവെള്ള കണക്ഷനുകളുടെയും താരിഫ് നിശ്ചയിക്കുന്നത് സംസ്ഥാന സർക്കാരാണ്. സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡ പ്രകാരമുള്ള പൊതു താരിഫ് ആണ് ജലജീവൻ മിഷൻ മുഖേന കണക്ഷൻ ലഭ്യമാകുന്ന ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നത്.<br><br>KRWSA മുഖേന ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ സമിതികൾ നടപ്പിലാക്കിയ സ്കീമുകളുടെ തുടർനടത്തിപ്പിനും പരിപാലനത്തിനും ആവശ്യമായി വരുന്ന തുക കണക്കാക്കി ആയത് ഗുണഭോക്താക്കളിൽ നിന്നും സമിതികൾ ഈടാക്കി പദ്ധതി മുന്നോട്ട് കൊണ്ടുപോകുകയാണ് ചെയ്യുന്നത്. ഓരോ സ്കീമിനും ഇത് വ്യത്യാസപ്പെട്ടിരിക്കുന്നു.<br><br>ഭൂജലവകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ, പദ്ധതി പൂർത്തീകരണത്തിന് ശേഷം ഗുണഭോക്തൃസമിതിക്ക് കൈമാറുന്ന രീതിയാണ് നിലവിലുള്ളത്. തുടർന്ന് വരുന്ന ആവർത്തന-പരിപാലന ചെലവുകൾ ടി സമിതി ആണ് വഹിക്കേണ്ടത്. ഓരോ ഗുണഭോക്താവും പദ്ധതി |

| | | | |
|---|---|---|---|
| | | | മുന്നോട്ടുകൊണ്ടുപോകുന്നതിനു ആവശ്യമായ എത്ര തുക നൽകണമെന്നു ഗുണഭോക്തൃസമിതി ആണ് തീരുമാനിക്കുന്നത്. |
| (സി) | പദ്ധതി പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷമുള്ള അറ്റകുറ്റപ്പണികൾ ആരുടെ ചുമതലയാണെന്നും ആയതിന് ഗുണഭോക്താവ് പണം അടയ്ക്കേണ്ടതുണ്ടോയെന്നും വ്യക്തമാക്കുമോ? | (സി) | ജലജീവൻ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചതിനുശേഷമുള്ള അറ്റകുറ്റപ്പണികൾ പഞ്ചായത്തിന്റെ/ ഗുണഭോക്താവിന്റെ ചുമതലയാണ്. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ഉള്ള എല്ലാ സ്കീമുകളുടെയും അറ്റകുറ്റ പ്രവൃത്തികൾ നിലവിൽ അതോറിറ്റി സ്വന്തമായി തന്നെയാണ് നടത്തി വരുന്നത്. ടി പദ്ധതിക്ക് അറ്റകുറ്റപ്പണികൾക്കായി പ്രത്യേക തുകയൊന്നും നിലവിൽ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നില്ല.<br><br>KRWSA യും ഭൂജലവകുപ്പും നടപ്പിലാക്കുന്ന പദ്ധതികൾ ഗുണഭോക്തൃസമിതിക്കു കൈമാറി കഴിഞ്ഞാൽ തുടർന്ന് വരുന്ന ആവർത്തന-പരിപാലന ചിലവുകൾ ഗുണഭോക്തൃസമിതി തന്നെ ആണ് വഹിക്കേണ്ടത്. തുടർനടത്തിപ്പും പരിപാലന ചെലവുകളിലും അറ്റകുറ്റ പണികളും ഉൾപ്പെടുന്നു. ആയത്കൊണ്ട് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുക എന്നത് അതാത് സമിതികളുടെ ചുമതലയാണ്.<br><br>ഭൂജലവകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വലിയ അറ്റകുറ്റപണികൾ വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തിയും നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ